"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2019 വർഷത്തെ മിഷൻ അന്ത്യോദയ സർവ്വേ നടത്തിപ്പിന് ചിലവായ തുക MGNREGS -ന് ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1124/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/06/2020

---

പരാമർശം:- 1 27.03.2017-ലെ സ.ഉ.(സാധാ) നം.172/2017/ആ.സ.വ.

2 19.09.2018-ലെ സ.ഉ.(സാധാ) നം.2462/2018/ത.സ്വ.ഭ.വ.

3 22.01.2019-ലെ സ.ഉ.(സാധാ) നം.116/2019/ത.സ്വ.ഭ.വ.

4 26.02.2019-ലെ സ.ഉ.(സാധാ) നം.427/2019/ത.സ്വ.ഭ.വ.

5 11.12.2019-ലെ സ.ഉ.(സാധാ) നം.2829/2019/ത.സ്വ.ഭ.വ.

6 സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടറുടെ 24.02.2020-ലെ പി.എൽ (1) 18705/2019/ഡിഇഎസ് നമ്പർ കത്ത്.

7 27.05.2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.3 (4.43) നമ്പർ തീരുമാനം

**ഉത്തരവ്**

ഗ്രാമ പഞ്ചായത്ത് ഡെവലപ്പ്മെന്റ് പ്ലാൻ (GPDP) തയാറാക്കുന്നതിന് മുന്നോടിയായുള്ള **"മിഷൻ അന്ത്യോദയ സർവ്വേ 2018"**, 2019 ജനുവരി, ഫെബ്രുവരി മാസങ്ങളിലും, **"മിഷൻ അന്ത്യോദയ സർവ്വേ 2019"**, 2019 നവംബർ, ഡിസംബർ മാസങ്ങളിലുമായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ഫീൽഡ് ജീവനക്കാരുടെ സേവനം ഉപയോഗിച്ചുകൊണ്ട്. സംസ്ഥാനത്ത് പൂർത്തീകരിച്ചിരുന്നു. മിഷൻ അന്ത്യോദയ സർവ്വേ (2019-20 റൗണ്ട്) നടത്തിയതിന് ഓണറേറിയം ഉൾപ്പടെ ₹11,44,200/- MGNREGS ന്റെ ഭരണചിലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നല്കാൻ പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. 'മിഷൻ അന്ത്യോദയ സർവ്വേ 2018' നടത്തിയതിന് ജീവനക്കാർക്ക് നൽകാനുള്ള ഓണറേറിയം പരാമർശം (5) പ്രകാരം ലഭിച്ചു എന്നും 'മിഷൻ അന്ത്യോദയ സർവ്വേ 2019' പൂർത്തീകരിച്ചതിന് ജീവനക്കാർക്ക് നൽകാനുള്ള ഓണറേറിയം അനുവദിക്കണമെന്നും പരാമർശം (6) പ്രകാരം സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2) മേൽ വിഷയം 27.05.2020-നു ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചു. 2018-ലെയും 2019-ലെയും സർവ്വെ നടത്തിയത് 2019-ലായിരുന്നു എന്നും ആയതിനാൽ ഓരോ വർഷത്തെ സർവ്വേയ്ക്കും പ്രത്യേകം പ്രത്യേകമായാണ് ഓണറേറിയം നൽകേണ്ടതെന്നും കമ്മിറ്റിയിൽ പങ്കെടുത്ത സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ പ്രതിനിധി അറിയിച്ചു. ഈ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, 2019 വർഷത്തെ സർവേ നടത്തിപ്പിന്, ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം ഉൾപ്പടെ ചിലവായ ₹11,44,200/- നൽകുന്നതിന് അനുമതി നൽകാൻ പരാമർശം (7) പ്രകാരം തീരുമാനിച്ചു.

3) മേൽ സാഹചര്യത്തിൽ, 2019 വർഷത്തെ മിഷൻ അന്ത്യോദയ സർവ്വേ നടത്തിപ്പിന്, ഉദ്യോഗസ്ഥർക്കുള്ള

ഓണറേറിയം ഉൾപ്പടെ ചിലവായ ₹11,44,200/- (പതിനൊന്ന് ലക്ഷത്തി നാല്പത്തിനാലായിരത്തി ഇരുന്നൂറ് രൂപ മാത്രം) MGNREGS-ന്റെ ഭരണ ചെലവ് ഇനത്തിൽ ലഭ്യമായ തുകയിൽ നിന്നും നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുക്കുട്ടൻ എം എസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:-ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ്, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ, കില, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 15:27:36 IST
Reason: Approved

സെക്ഷൻ ഓഫീസർ